# അപകടകരമായ വ്യവസായ മാലിന്യങ്ങൾ സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലം

**കേരളീയം ന്യൂസ് സർവ്വീസ്**

**വിനാശകരങ്ങളായ** മാലിന്യങ്ങൾ (ഹസാർഡസ് വെയ്സ്റ്റ്) നിയന്ത്രിക്കുന്നത് സംബന്ധിച്ച് ബാസൽ കൺവെൻഷൻ ഉടമ്പടിയിൽ 1990 മാർച്ച് 15ന് ഇന്ത്യയും ഒപ്പുവച്ചു. ഈ പശ്ചാത്തലത്തിലാണ് അത്തരം മാലിന്യങ്ങൾ സൃഷ്ടിക്കുന്ന വ്യവസായസ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് റിസർച്ച് ഫൗണ്ടേഷൻ ഫോർ സയൻസ്, ടെക്നോളജി ആൻഡ് നാഷണൽ റിസോഴ്സ് എന്ന സംഘടന സുപ്രീം കോടതിയെ സമീപിച്ചത്.

1995 ഒക്ടോബർ 19ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളോടും മലിനീകരണ നിയന്ത്രണ ബോർഡുകളോടും ഇതു സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിക്കുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. മറ്റു പല സംഘടനകളും കേസിൽ കക്ഷി ചേർന്നു. 1997 മെയ് 5ന് കോടതി സംസ്ഥാന സർക്കാരുകളുടെ വിശദീകരണം തേടി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും നിയമലംഘനം നടത്തുന്നവയ്ക്കും അടച്ചുപൂട്ടാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. നിശ്ചിത സമയത്ത് സത്യവാങ്മൂലം സമർപ്പിക്കാതെയും യാതൊരുവിധ മലിനീകരണ നിയന്ത്രണ നടപടികളും സ്വീകരിക്കാതെയും തികഞ്ഞ അനാദരവും അലംഭാവം പുലർത്തുന്ന സമീപനമാണ് ബോർഡും സർക്കാരുകളും ഇതിനോട് സ്വീകരിച്ചത്.

സംസ്ഥാന സർക്കാരുകളുടെ അനാസ്ഥയിൽ പ്രതിഷേധം പ്രകടിപ്പിച്ച കോടതി നാനാമേഖലയിലെ വിദഗ്ദ്ധന്മാരടങ്ങുന്ന ഒരു ഹൈപവർ കമ്മറ്റിയെ പ്രശ്നത്തിന്റെ വിശദാംശങ്ങൾ പഠിക്കുന്നതിന് ഡോ. എം.ജി.കെ. മേനോൻ ചെയർമാനായി നിയോഗിക്കപ്പെട്ടു.

1999 ഡിസംബർ 10ന് ഹൈപവർ കമ്മറ്റി സുപ്രീംകോടതി മുമ്പാകെ സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. 2003 സെപ്തംബർ 23ന് ഹൈപവർ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കോടതി ഉത്തരവിട്ടു. വിദേശ രാജ്യങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഡംപു ചെയ്യുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശങ്ങളും നൽകപ്പെട്ടു.

2003 സെപ്തംബർ 25ന് കേസ് വീണ്ടും പരിഗണിച്ച കോടതി 15 ഓളം വ്യവസായ സ്ഥാപനങ്ങൾ നിയമം ലംഘിച്ചുകൊണ്ട് മാലിന്യങ്ങൾ ഇറക്കുമതി ചെയ്യുന്നതായി കണ്ടെത്തി. അവയ്ക്കെതിരെ നടപടിയെടുക്കാൻ കേന്ദ്ര കസ്റ്റംസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

2003 ഒക്ടോബർ 14ന് പുറപ്പെടുവിച്ച സുപ്രധാനമായ ഉത്തരവിൽ മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾക്ക് ഉത്തരവിട്ട കോടതി വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകി.

1. അപകടകരമായ മാലിന്യങ്ങൾ ഉൽപാദിപ്പിക്കുകയും കൈകാര്യം ചെയ്യുന്നതുമായ സ്ഥാപനങ്ങൾ ഇന്നേവരെ ഉൽപാദിപ്പിച്ചിട്ടുള്ള മാലിന്യങ്ങളെക്കുറിച്ചും അവ നിക്ഷേപിച്ചിട്ടുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളെക്കുറിച്ചും വിശദമായ റിപ്പോർട്ട് മലിനീകരണ നിയന്ത്രണ ബോർഡ് നൽകണം. ഈ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിലാണോ സൂക്ഷിച്ചിട്ടുള്ളതെന്ന് പരിസരവാസികളെ ബോധ്യപ്പെടുത്തിയിട്ടുവേണം ലൈസൻസ് പുതുക്കി നൽകാൻ.

2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളും സംസ്ഥാന സർക്കാരിന്റെ മറ്റു സംവിധാനങ്ങളും മാലിന്യങ്ങൾ അപകടകരമായ രീതിയിൽ നിക്ഷേപിക്കുന്നത് തടയണം.

3. പ്ലാസ്റ്റിക്കിന്റേയും റീസൈക്കിൾഡ് പ്ലാസ്റ്റിക്കിന്റെയും നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കോടതിക്ക് നൽകണം.

4. തദ്ദേശമോ വിദേശീയമോ ആയതും അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതുമായ വ്യവസായങ്ങളെ കണ്ടെത്തി, ഇത്തരം വ്യവസായങ്ങൾ ഉൽപാദനപ്രക്രിയക്ക് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ വ്യവസായ പുരോഗതി നേടിയിട്ടുള്ളതോ വികസിതമോ ആയിട്ടുള്ള രാജ്യങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരം മലിനീകരണ നിയന്ത്രണ ബോർഡുകൾ കോടതിയെ അറിയിക്കണം.

5. സ്ഥലവാസികളായ ആളുകൾക്ക് വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങളെകുറിച്ച് പൂർണ്ണ വിവരം നൽകേണ്ടതാണ്. അതുപോലെ തന്നെ വ്യവസായ മാലിന്യങ്ങൾ സംസ്കരിക്കുന്നതു സംബന്ധിച്ചുള്ള ചർച്ചകളിൽ സ്ഥലവാസികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതും അവരെ ഇതിൽ ഭാഗഭാഗാക്കുകയും ചെയ്യേണ്ടതാണ്.

സുപ്രീം കോടതി നിയോഗിച്ച ഹൈപവർ കമ്മറ്റി ഭോപ്പാൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്കയിലും മറ്റ് വികസിത രാഷ്ട്രങ്ങളിലും ഉണ്ടാക്കപ്പെട്ട നിയമങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളപ്പെടുന്ന അപകടകരമായ മാലിന്യങ്ങളെ കുറിച്ച് സ്ഥലവാസികളെ ബോധവൽക്കരിക്കുന്നതിനെക്കുറിച്ചും ഇക്കാര്യത്തിൽ ആന്ധ്രാപ്രദേശ് സർക്കാർ നടപ്പിലാക്കിയ സംവിധാനങ്ങൾ പ്രതിപാദിച്ചുകൊണ്ട് സമഗ്രമായ ചില നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ താഴെ.

1. തിരഞ്ഞെടുക്കപ്പെട്ട സ്ഥലവാസികളെ മലിനീകരണം നടത്തുന്ന, പ്രത്യേകിച്ചും നിയമവിരുദ്ധമായി അപകടകരമായ മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായങ്ങളെയും സ്ഥാപനങ്ങളെയും വ്യക്തികളെയും കണ്ടെത്തുന്നതിനുള്ള വാർഡൻമാരെ നിയമിക്കുക.

2. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റ് അനു

ബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനം സുതാര്യമാക്കുകയും പ്രസ്തുത റിപ്പോർട്ടുകളും മറ്റും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യണം.

3. അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുകയും പുറം തള്ളുകയും ചെയ്യുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളും തങ്ങളുടെ മാലിന്യങ്ങളെക്കുറിച്ചുള്ള വിശദവിവരവും സ്ഥാപനങ്ങളിൽ നിന്നുണ്ടാകാവുന്ന ഖര, വായു, ജല മലിനീകരണത്തെക്കുറിച്ചും കമ്പനി ഗേറ്റിനു മുന്നിൽ വിശദമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ റേഡിയോ, പത്രമാധ്യമങ്ങൾ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളിലൂടെയും ആവശ്യമായ അറിവുകൾ ജനങ്ങൾക്ക് പകർന്നു നൽകേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസോ അടച്ചുപൂട്ടൽ നോട്ടീസോ നൽകാവുന്നതാണ്.

4. വ്യവസായ സ്ഥാപനങ്ങളിൽ ജോലിക്കാരായുള്ളവരും മലിനീകരണത്തെക്കുറിച്ച് രഹസ്യ വിവരം നൽകുന്നവരുമായ ആളുകൾക്ക് സമ്പൂർണ്ണ സംരക്ഷണം നൽകുക.

5. അപകടകരമായ മാലിന്യങ്ങളെക്കുറിച്ച് സ്ഥിരമായ ഓഡിറ്റ് നടത്തുവാൻ സ്ഥലവാസികൾ ഉൾപ്പെട്ട ഒരു മൂന്നാം കക്ഷി സംവിധാനം ഏർപ്പെടുത്തണം.

6. മേൽപ്പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകളും മലിനീകരണ നിയന്ത്രണ ബോർഡുകളും ഉടനടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹൈപവർ കമ്മറ്റിയുടെ നിർദ്ദേശങ്ങളെല്ലാം പരിഗണിച്ച് സുപ്രീംകോടതി പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ സംസ്ഥാനങ്ങളും സന്ദർശിച്ച് മലിനീകരണ നിയന്ത്രണ ബോർഡുകളും സംസ്ഥാന സർക്കാരുകളും സ്വീകരിച്ചിട്ടുള്ള നടപടികൾ മനസ്സിലാക്കി കോടതിയെ അറിയിക്കുന്നതിനും ഡോ. ജി. ത്യാഗരാജൻ (സി.എസ്.ഐ.ആർ.) ചെയർമാനായുള്ള ഒരു 11 അംഗ കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റിക്ക് സംസ്ഥാന സർക്കാരിന്റെയോ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ഒരു പ്രതിനിധിയെ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതുമാണ് എന്ന് നിർദ്ദേശിച്ചിരുന്നു. ഈ കമ്മിറ്റിയാണ് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മറ്റി അഥവാ (എസ്.സി.എം.സി.)

1. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുക.

2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ തങ്ങളുടെ പരിധിയിലുള്ള അപകടകരമായ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങളെ പറ്റിയും ഭൂഗർഭ ജല സ്രോതസ്സുകളിൽ അതുണ്ടാക്കിയിട്ടുള്ള മലിനീകരണത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കേണ്ടതാണ്.

3. പരിസ്ഥിതി മലിനീകരണം തടയുന്നതിനും മലിനമാക്കപ്പെട്ട പരിസ്ഥിതിയെ മലിനീകരണ വിമുക്തമാക്കുന്നതിനും സമ്പൂർണ്ണ പുനരധിവാസത്തിനുമുള്ള എസ്റ്റിമേറ്റ് തുക അടക്കമുള്ള പ്ലാൻ എല്ലാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളും സമർപ്പിക്കേണ്ടതാണ്.

4. അപകടകരമായ മാലിന്യങ്ങൾ കുഴിച്ചു മൂടുന്ന (ലാൻഡ് ഫിൽ) സംവിധാനം മാലിന്യത്തിന്റെ തോതനുസരിച്ച് മാലിന്യം സൃഷ്ടിക്കപ്പെടുന്ന സ്ഥലത്തിന്റെ 100 കിലോമീറ്റർ ചുറ്റളവിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കാവുന്നതാണ്. 20000 ടൺ വരെ പ്രതിവർഷ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന സംസ്ഥാനങ്ങൾക്ക് താത്കാലിക മലിനീകരണ സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കാവുന്നതാണ്. ഇതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് ഹൈപവർ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

2003 ഒക്ടോബർ മാസം 14-ാം തീയതി സുപ്രീംകോടതി ഉത്തരവ് പാസ്സാക്കുമ്പോൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും, സർക്കാരും മറ്റ് ഏജൻസികളും നടപ്പിലാക്കേണ്ട കാര്യങ്ങളും അവയ്ക്ക് അനുവദിച്ചിട്ടുള്ള സമയ പരിധിയും വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിന്റെ ഒപ്പം കാണിച്ചിരിക്കുന്ന പട്ടികയിൽ അപകടകരമായ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും പുറം തള്ളുകയും ചെയ്യുന്ന വ്യവസായങ്ങളിൽ പ്രസ്തുത കാര്യത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉണ്ടായിട്ടും മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്കെതിരെ മൂന്നു മാസത്തിനകം അടച്ചുപൂട്ടൽ നോട്ടീസ് നൽകാൻ നിർദ്ദേശിച്ചിരുന്നു.

ഈ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാതെ സുപ്രീം കോടതി മുമ്പാകെ കള്ള സത്യവാങ്മൂലം സമർപ്പിച്ച കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ കള്ളക്കളികൾ 14-8-2004 ലെ സുപ്രീം കോടതി മോണിറ്ററിംഗ് കമ്മറ്റിയുടെ സന്ദർശനത്തോടെ വെളിച്ചത്താവുകയായിരുന്നു.

സുപ്രീം കോടതി വിധിക്ക് പുല്ലുവില കല്പിച്ച സാംസ്ഥാന സർക്കാരിന്റെയും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെയും അനാസ്ഥകണ്ട് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ഇതേ തുടർന്നാണ് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മറ്റി മലിനീകരണം നടത്തുന്ന വ്യവസായങ്ങൾക്കെതിരെ നടപടിയെടുക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനോട് നിർദ്ദേശിച്ചത്.

പരമോന്നത കോടതിയുടെ ഉത്തരവിനോട് അൽപ്പം പോലും ആദരവ് കാണിക്കാതിരുന്ന സർക്കാരും മലിനീകരണ നിയന്ത്രണ ബോർഡും അവസാനം സുപ്രീം കോടതിയുടെ വിധിക്ക് ഏകദേശം ഒരു വർഷത്തിനോടടുത്ത് കോടതി അലക്ഷ്യ നടപടികളിൽ നിന്നും രക്ഷ നേടുന്നതിനും പൊതുജനവികാരം കോടതി വിധിക്കെതിരെ തിരിച്ചുവിടുന്നതിനും അതുവഴി വ്യവസായ മാനേജുമെന്റുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ ഒത്താശയോടെ കളിച്ച നാടകമാണ് കൂട്ടത്തോടെയുള്ള ഈ അടച്ചുപൂട്ടൽ നോട്ടീസ്. വിനാശകരങ്ങളായ മാലിന്യങ്ങൾക്കെതിരെയുണ്ടായ അന്താരാഷ്ട്ര ഉടമ്പടിയും സുപ്രീം കോടതിയുടെ ഏതാണ്ട് ഒരു ദശകം നീണ്ട നിയമ നടപടികളെയും മറച്ചുവെച്ചുകൊണ്ട് പെട്ടെന്നൊരു ദിവസം മുന്നറിയിപ്പില്ലാതെ സ്വീകരിക്കപ്പെട്ടതാണ് അടച്ചു പൂട്ടൽ നടപടിയെന്ന പ്രചരണം വ്യവസായ സ്ഥാപനങ്ങൾ നടത്തിവരുന്നു. തൊഴിലാളികളെ സമാശ്വസിപ്പിക്കുന്നതിനും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനും ഇത് ഉതകിയേക്കാം. എന്നാൽ അതുവഴിയുണ്ടാകുന്ന കുറ്റവാളികളായ വ്യവസായികളെയും അവർക്ക് സർവ്വവിധ പിന്തുണയും നൽകുന്ന അഴിമതിക്കാരായ രാഷ്ട്രീയക്കാരെയും വെള്ളപൂശാമെന്ന് കരുതുന്നത് വ്യാമോഹം മാത്രമായിരിക്കും.